# തടപുഴുവിന്

# ജൈവകീടനാശിനി

**വാ**ണവണ്ട് എന്നും തടപുഴു എന്നും അറിയപ്പെടുന്ന ഒരു പുഴു വാഴകൃഷിക്ക് ഒരു ഉപദ്രവകാരിയാണ്. കൃഷിവകുപ്പ് നിർദേശിക്കുന്ന കീടനിയന്ത്രണമാർഗമൊന്നും ഈ പുഴുവിനെ കാര്യമായി തടയുന്നില്ല എന്നു കാണുന്നു. ഞാൻ പ്രയോഗിച്ച് പ്രയോജനം ലഭിച്ച ഒരു നിയന്ത്രണമാർഗം ഇവിടെ കൊടുക്കുന്നു.

മുപ്പുള്ള കാഞ്ഞിരമരത്തിന്റെ പുറന്തൊലി വെട്ടി ചതച്ചെടുക്കുക. അത് ഒരു കിലോഗ്രാമിന് രണ്ട് ലിറ്റർ വെള്ളം എന്ന കണക്കിൽ വെള്ളമെടുത്ത് ആ വെള്ളത്തിൽ ചതച്ച തൊലി ഒരാഴ്ചയെങ്കിലും ഇട്ടുവെച്ച് അഴുകുക. അതിനുശേഷം ആ തൊലി നന്നായി തിരുമ്മിപിഴിഞ്ഞ് ആ വെള്ളം അരിച്ചെടുക്കുക. അതിൽ അഞ്ചിലൊന്നു ഭാഗം വേപ്പെണ്ണയും കൂട്ടികലർത്തുക. എന്നിട്ട് വാഴത്തൈകൾ രണ്ടുമുന്ന് ഇല വിരിയുന്ന സമയം മുതൽ കുലവിരിയുന്ന സമയംവരെ, മൂന്നോ നാലോ തവണ, കുറേശ്ശെ ഇലക്കവിളിലും മുട്ടിലും ഒഴിച്ചു കൊടുക്കുക.

**പി.ഒ ഔസേഫ്**
**മരോട്ടിച്ചാൽ.**